CMY

6

ഏപ്രിൽ 2021
ചൊവ്വ
1196 മീനം 23 1442 ശഅ്ബാൻ 23

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 28 •ലക്കം 78 •പേജ് 4 •വില: 5 രൂപ




# അയ്യപ്പൻ സർക്കാരിനൊപ്പമെന്ന് പിണറായി; നിരീശ്വരവാദി അയ്യപ്പനെ കൂട്ടുപിടിക്കുന്നുവെന്ന് ചെന്നിത്തല, ഭരണം പിടിക്കുമെന്ന് സുരേന്ദ്രൻ

കണ്ണൂർ/ ആലപ്പുഴ: എല്ലാ ദുരാരോപണങ്ങളും തള്ളുന്ന വിധിയെഴുത്താവും നിയമസഭാ തെരഞ്ഞെടുപ്പെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വോട്ടു രേഖപ്പെടുത്തിയതിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൽ ഡി എഫ് ചരിത്ര വിജയം നേടും. ബോംബെല്ലാം പുറത്തെടുത്തോ എന്നറിയില്ല. നേമത്തെ ബി ജെ പി അക്കൗണ്ട് പൂട്ടും. വിവിധ സ്ഥലങ്ങളിൽ ബി ജെ പി- യു ഡി എഫ് ധാരണ ഉണ്ടോ എന്നറിയില്ല. ജനങ്ങൾക്കു ഗുണം ചെയ്യുന്നവർക്ക് ഒപ്പമാണ് സ്വാമി അയ്യപ്പൻ ഉൾപ്പെടെയുള്ള ദേവഗണങ്ങളെന്നും പിണറായി പറഞ്ഞു.

തെരഞ്ഞെടുപ്പിൽ യു ഡി എഫ് ഐതിഹാസിക വിജയം നേടുമെന്നു പ്രതിപക്ഷ നേടാവ് രമേശ് ചെന്നിത്തല പറഞ്ഞു. ദുരന്തങ്ങളെ നേരിടാൻ സർക്കാരിനു കഴിഞ്ഞില്ല. പ്രളയം തന്നെ മനുഷ്യ നിർമ്മിതമായിരുന്നു. ഏകാധിപത്യത്തിനും അഹങ്കാരത്തിനും എതിരെ ജനം വിധിയെഴുതും. നിരീശ്വര വാദിയായ പിണറായി വിജയൻ അയ്യപ്പനെ കൂട്ടുപിടിക്കുകയാണ്. വിശ്വാസികൾ പൊറുക്കില്ല. സർക്കാരിനു അയ്യപ്പ കോപം ഉണ്ടാകും- ചെന്നിത്തല പറഞ്ഞു.

ശരണം വിളിക്കേണ്ട സമയത്ത് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ശരണം വിളിച്ചില്ല. ഇനി അതിന്റെ ദോഷം അനുഭവിച്ചേ മതിയാകൂ- നേമത്തെ യു ഡി എഫ് സ്ഥാനാർത്ഥി കെ മുരളീധരൻ പ്രതികരിച്ചു.

കോട്ടയം: ജനങ്ങൾ ഭരണ മാറ്റം ആഗ്രഹിക്കുന്നു വെന്നാണ് തന്റെ വിശ്വാസമെന്ന് എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പറഞ്ഞു. സാമൂഹിക നീതിയും മതേതരത്വവും സംരക്ഷിക്കുന്ന സർക്കാർ ഉണ്ടാകണം. വിശ്വാസികളുടെ പ്രതിഷേധം കുറച്ചു കാലമായുണ്ട്. അതിപ്പോഴും ഉണ്ടെന്നും രാവിലെ ഏഴിന് വാഴപ്പള്ളി സെന്റ് തേരേസാസ് ഹൈസ്കൂളിൽ വോട്ടു രേഖപ്പെടുത്തിയ ശേഷം സുകുമാരൻ നായർ പറഞ്ഞു.

സംസ്ഥാനത്ത് അട്ടിമറി വിജയം നേടുമെന്ന് ബി ജെ പി സംസ്ഥാന പ്രസിഡണ്ട് കെ സുരേന്ദ്രൻ ആവർത്തിച്ചു പറഞ്ഞു. കേരളം ഇതാദ്യമായി ശക്തമായ മൂന്നാം ബദലിനായാണ് വോട്ട് ചെയ്യുന്നത്. തെരഞ്ഞെടുപ്പിൽ രണ്ടു മുന്നണികൾക്കും തിരിച്ചടി ഉണ്ടാകും. തെരഞ്ഞെടുപ്പു ഫലം മുഖ്യമന്ത്രിയുടെ പോക്കറ്റിലല്ല. ജനങ്ങളാണ് തീരുമാനിക്കുക. 35 സീറ്റു കിട്ടിയാൽ ബി ജെ പി ഭരണം പിടിക്കും- ബാലുശ്ശേരി മണ്ഡലത്തിലെ കൊടക്കല്ലൂരിൽ വോട്ടു രേഖപ്പെടുത്തിയ ശേഷം അദ്ദേഹം മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

മലപ്പുറം: യു ഡി എഫ് വൻ ഭൂരിപക്ഷത്തിനു വിജയിച്ച് അധികാരത്തിലേറുമെന്ന് മുസ്ലീംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. എല്ലാ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ യു ഡി എഫിനു അനുകൂലമാണ്- അദ്ദേഹം പറഞ്ഞു.

കോട്ടയം: ശബരിമല വിഷയത്തിൽ പിണറായി വിജയൻ പുതുതായി എടുത്ത നിലപാട് അത്ഭുതപ്പെടുത്തുന്നുവെന്നു മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

വീട്ടിൽ ഉറങ്ങി കിടന്നിരുന്ന സ്ത്രീകളെ ശബരിമലയിൽ എത്തിക്കാൻ ശ്രമിക്കുകയും അത് ന്യായീകരിക്കാൻ ശ്രമിച്ച് സർക്കാർ വനിതാ മതിൽ നടത്തുകയും ചെയ്തുവെന്നു അദ്ദേഹം പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിൽ യു ഡി എഫ് ഭൂരിപക്ഷം നേടുമെന്നും- ഉമ്മൻചാണ്ടി പറഞ്ഞു.

കണ്ണൂർ: എൽ ഡി എഫ് നൂറിലധികം സീറ്റുകൾ നേടുമെന്നു സി പി എം മുൻ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ശബരിമലയിൽ ഏറ്റവും കൂടുതൽ വികസനം ഉണ്ടാക്കിയത് എൽ ഡി എഫാണ്. വിശ്വാസികൾ എൽ ഡി എഫിനൊപ്പം നിൽക്കും- കോടിയേരി പറഞ്ഞു.



എസ് ജി കെ എച്ച് എസ് എസ് സ്കൂൾ ബൂത്തിൽ സുരക്ഷയ്ക്കായി വിന്യസിച്ച കേന്ദ്രസേന



കൂഡ്‌ലു ഗോപാലകൃഷ്ണ സ്കൂൾ ബൂത്തിൽ വോട്ട് ചെയ്യാൻ വിൽചെയറിൽ എത്തിയ സ്ത്രീ

## ബംഗാൾ വോട്ടെടുപ്പ് സമാധാനപരം

ചെന്നൈ: കേരളത്തോടൊപ്പം ഇന്ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്, പുതുച്ചേരി, ആസാം, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും വോട്ടെടുപ്പ് പൊതുവെ സമാധാന പരമാണ്. പറയത്തക്ക അനിഷ്ട സംഭവങ്ങളൊന്നും ഇതുവരെ ഒരിടത്ത് നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ബംഗാളിലും, ആസാമിലും മൂന്നാംഘട്ട വോട്ടെടുപ്പും, തമിഴ്നാട്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിൽ മുഴുവൻ നിയമസഭ മണ്ഡലങ്ങളിലേക്കുമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്.



കാഞ്ഞങ്ങാട് മണ്ഡലം എൽ ഡി എഫ് സ്ഥാനാർത്ഥി ഇ ചന്ദ്രശേഖരൻ വോട്ട് രേഖപ്പെടുത്താനായി ക്യൂവിൽ

# സംസ്ഥാനത്ത് കനത്ത പോളിംഗ്

തിരു: നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് കനത്ത പോളിംഗ്. ചിലയിടങ്ങളിൽ രാവിലെ യന്ത്ര തകരാർ ഉണ്ടായതൊഴിച്ചാൽ മറ്റു പ്രശ്നങ്ങളൊന്നും ഇല്ലാതെയാണ് പോളിംഗ് പുരോഗമിക്കുന്നത്. ആദ്യത്തെ അഞ്ചുമണിക്കൂറിൽ സംസ്ഥാനത്ത് 40 ശതമാനം പേർ വോട്ടു ചെയ്തു.

വോട്ടിംഗ് ശതമാനം ജില്ലാ അടിസ്ഥാനത്തിൽ- തിരുവനന്തപുരം: 30.02 ശതമാനം, കൊല്ലം: 31.71, പത്തനംതിട്ട- 29.6, ആലപ്പുഴ: 31.3, കോട്ടയം: 28.5, ഇടുക്കി: 27.8, എറണാകുളം- 31.9 തൃശൂർ: 34.1, പാലക്കാട്: 27.1, മലപ്പുറം: 31.39, കോഴിക്കോട്: 34.22, വയനാട്: 33.5, കണ്ണൂർ: 27.1, കാസർകോട് 32.30ശതമാനം.

അതേ സമയം വോട്ടെടുപ്പ് ദിവസത്തിലും സജീവ ചർച്ചാവിഷയമായത് ശബരിമലയാണ്. മുഖ്യമന്ത്രി പിണറായി വിജയനും എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായരും വോട്ടു രേഖപ്പെടുത്തിയതിനുശേഷമാണ് ശബരിമല വിഷയം ഉന്നയിച്ചത്. ഇടതു പക്ഷ നേതാക്കളെല്ലാം വിശ്വാസികളെ ലക്ഷ്യം വച്ച് കൊണ്ട് പതിവില്ലാത്ത പ്രസ്താവനകളാണ് നടത്തിയതെന്നതും ശ്രദ്ധേയമാണ്. കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ, കടകംപള്ളി സുരേന്ദ്രൻ എന്നിവരെല്ലാം ശബരിമല വിഷയത്തിൽ പ്രതികരിച്ചു. ദൈവങ്ങൾക്ക് വോട്ട് ഉണ്ടായിരുന്നുവെങ്കിൽ അതെല്ലാം ഇത്തവണ ഇടതുപക്ഷത്തിനു ആകുമെന്നാണ് കോടിയേരി പ്രതികരിച്ചത്. കോൺഗ്രസ് നേതാക്കളായ എ കെ ആന്റണി, ശശിതരൂർ എന്നിവരും ശബരിമല വിഷയത്തിന്മേൽ അഭിപ്രായ പ്രകടനം നടത്തി.

## ജില്ലയിൽ കൂടുതൽ കാഞ്ഞങ്ങാട്ട്; കുറവ് കാസർകോട്

കാസർകോട്: ജില്ലയിലും നിയമസഭാ തെരഞ്ഞെടുപ്പ് സമാധാനപരമായി പുരോഗമിക്കുന്നു. ആദ്യത്തെ അഞ്ചുമണിക്കൂറിൽ ഏറ്റവും കൂടുതൽ പേർ വോട്ടു രേഖപ്പെടുത്തിയത് കാഞ്ഞങ്ങാട്ടാണ്–33.79ശതമാനം, ഏറ്റവും കുറവ് കാസർകോട് മണ്ഡലത്തിൽ– 29.54 ശതമാനം.സംസ്ഥാന രാഷ്ട്രീയം ഉറ്റുനോക്കുകയും ശക്തമായ ത്രികോണ മത്സരം നടക്കുന്നതുമായ മഞ്ചേശ്വരത്ത് 32.48 ശതമാനം പേർ വോട്ടു രേഖപ്പെടുത്തി. 71,031 പേരാണ് വോട്ടു ചെയ്തത്. ഉദുമയിൽ 32.17 ശതമാനം(68142 വോട്ടർമാർ), തൃക്കരിപ്പൂരിൽ 33.42ശതമാനം(66456) വോട്ടർമാരും സമ്മതിദാനാവകാശം വിനിയോഗിച്ചു.



കാസർകോട് മണ്ഡലം യു ഡി എഫ് സ്ഥാനാർത്ഥി എൻ.എ. നെല്ലിക്കുന്ന് നെല്ലിക്കുന്ന് ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ 143 ആം നമ്പർ ബൂത്തിൽ വോട്ട് ചെയ്യാനെത്തിയപ്പോൾ.

## കല്യോട്ട് കനത്ത സുരക്ഷ; കേന്ദ്രസേന ഇറങ്ങി

ബേക്കൽ: ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് രണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ കൊല്ലപ്പെട്ട കല്യോട്ട് അതീവ സുരക്ഷ. ഒരു ഡി വൈ എസ് പി യുടെ നേതൃത്വത്തിൽ കേന്ദ്രസേനയെ വിന്യസിപ്പിച്ചു.നേരത്തെ ഇന്റലിജൻസ് ഏജൻസികൾ നൽകിയ റിപ്പോർട്ടുകൾ കണക്കിലെടുത്താണ് കനത്ത സുരക്ഷ ഏർപ്പെടുത്തിയത്. കല്യോട്ട് കേന്ദ്രസേന അടക്കമുള്ള സുരക്ഷാ വിഭാഗം സായുധരായി കാവലുറപ്പിച്ചിട്ടുണ്ട്.

ഇതിനു പുറമെ പരിസര പ്രദേശങ്ങളിൽ പൊലീസ് പട്രോളിംഗ് തുടരുകയാണ്, ബേക്കൽ ഡി വൈ എസ് പി കെ എം ബിജുവിനാണ് മേൽനോട്ട ചുമതല. പെരിയ, കല്യോട്ട് പ്രദേശങ്ങൾ ശക്തമായ പൊലീസിന്റെ നിരീക്ഷണത്തിലുമാണ്. കല്യോട്ടേക്കു പോകുന്നതും വരുന്നതുമായ വാഹനങ്ങളും നിരീക്ഷണത്തിലാണ്. പോളിംഗ് കഴിഞ്ഞാലും നാളെ രാവിലെ വരെ കേന്ദ്രസേനയെ കല്യോട്ട് നിലനിർത്താനാണ് തീരുമാനം.



കാസർകോട് നിയോജക മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി കെ ശ്രീകാന്ത് ഉദുമ മണ്ഡലത്തിലെ ബേക്കൽ ഗവ.ഫിഷറീസ് ഹൈസ്കൂളിലെ 105–ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തുന്നു.

# പിലിക്കോട് വെള്ളച്ചാലിൽ യു ഡി എഫ് പോളിംഗ് ഏജന്റിനെ ആക്രമിച്ചു

ചെറുവത്തൂർ: തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ, വെള്ളച്ചാലിൽ യു ഡി എഫ് പോളിംഗ് ഏജന്റിനെ സി പി എം പ്രവർത്തകർ ആക്രമിച്ചതായി പരാതി.

പരിക്കേറ്റ വെള്ളച്ചാൽ, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ബൂത്ത് നമ്പർ 127 ലെ യു ഡി എഫ് പോളിംഗ് ഏജന്റും കേരള കോൺഗ്രസ് ജില്ലാ സെക്രട്ടറിയുമായ ജയിംസ് മാരൂരി (42)നെ തൃക്കരിപ്പൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.യു ഡി എഫ് സ്ഥാനാർത്ഥിയായ എം പി ജോസഫിനായി വെള്ളച്ചാൽ ബൂത്തിൽ ജയിംസ് മാത്രമാണ് ഏജന്റായി ഉണ്ടായിരുന്നത്. രാവിലെ മോക് പോളിംഗിൽ പങ്കെടുത്ത് മൂന്നുവോട്ടുകൾ ചെയ്ത ശേഷം എൽ ഡി എഫ് ഏജന്റുമാർ തന്നെ മർദ്ദിക്കുകയായിരുന്നുവെന്ന് ജയിംസ ആരോപിച്ചു. വിവരമറിഞ്ഞ് സ്ഥാനാർത്ഥി എം പി ജോസഫ്, ഡി സി സി വൈസ് പ്രസിഡന്റ് കെ കെ രാജേന്ദ്രൻ, മുസ്ലീം ലീഗ് മണ്ഡലം സെക്രട്ടറി എം ടി പി കരീം എന്നിവർ ആശുപത്രിയിലെത്തി ജയിംസിനെ സന്ദർശിച്ചു. അക്രമികൾക്കും അക്രമത്തിനു കൂട്ടു നിന്ന ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് യു ഡി എഫ് സ്ഥാനാർത്ഥി എം പി ജോസഫ് വരണാധികാരിയോടും തെരഞ്ഞെടുപ്പ് നിരീക്ഷകരോടും ആവശ്യപ്പെട്ടു.



പരിക്കേറ്റ പോളിംഗ് ഏജന്റിനെ സ്ഥാനാർത്ഥി എം പി ജോസഫ് സന്ദർശിക്കുന്നു

# വോട്ടിംഗ് മെഷീനുകൾ പരക്കെ പണി മുടക്കി

കാസർകോട്: വോട്ടിംഗ് മെഷീനുകൾ പരക്കെ പണിമുടക്കിയതിനെ തുടർന്ന് പല ബൂത്തുകളിലും വോട്ടിംഗ് സ്തംഭിച്ചു. കാസർകോട്, മഞ്ചേശ്വരം, ഉദുമ മണ്ഡലങ്ങളിലെ വിവിധ ബൂത്തുകളിലാണ് മെഷീനുകൾ പണി മുടക്കിയത്.മഞ്ചേശ്വരം എസ് എ ടി സ്കൂളിലെ 23 എ നമ്പർ ബൂത്തിൽ വോട്ടെടുപ്പ് തുടങ്ങിയയുടൻ മെഷീൻ തകരാറിലായി. മൂന്നുപേർ വോട്ട് ചെയ്തപ്പോഴേക്കും തകരാറിലായ മെഷീൻ അരമണിക്കൂറിനുള്ളിൽ കേടുപാടുകൾ പരിഹരിച്ച് വോട്ടിംഗ് പുനഃരാരംഭിച്ചു. ബൺപത്തടുക്ക 197–ാം നമ്പർ ബൂത്തിലും വോട്ടിംഗ് ആരംഭിച്ച് ആദ്യത്തെ ഒരു മണിക്കൂറിനകം തന്നെ മെഷീൻ കേടാവുകയായിരുന്നു.കാസർകോട്, മാന്യ ജ്ഞാനോദയ സ്കൂളിലെ 72–ാം നമ്പർ ബൂത്തിലും, മെഷീൻ രാവിലെ തന്നെ പണി മുടക്കി. ഉദുമ മണ്ഡലത്തിലെ കുണ്ടംകുഴി 145–ാം നമ്പർ ബൂത്ത്, മുണ്ടക്കൈയിലെ 45–ാം നമ്പർ ബൂത്ത് എന്നിവിടങ്ങളിലും വോട്ടെടുപ്പ് ആരംഭിച്ച് നിമിഷങ്ങൾക്കകം തന്നെ മെഷീനുകൾ കേടായെങ്കിലും താമസിയാതെ പരിഹരിച്ച് വോട്ടെടുപ്പ് തുടർന്നു. വോട്ടെടുപ്പിനിടെ മെഷീനുകൾ തകരാറിലായെങ്കിലും വോട്ടർമാർക്ക് വിഷമം ഉണ്ടാകാതെ ഉടൻ പരിഹരിച്ച് വോട്ടെടുപ്പ് സാധാരണ നിലയിലാക്കിയ നടപടി വോട്ടർമാർക്ക് ആശ്വാസമുളവാക്കി.മംഗൽപ്പാടി, ചെറുഗോളിയിലെ 89,90 എ, ഉപ്പള സ്കൂളിലെ 70,73, പൈവളികെ കന്യാല അംഗൺവാടിയിലെ 130–ാം നമ്പർ എന്നീ ബൂത്തുകളിലും വോട്ടിംഗ് മെഷീനുകൾ അൽപനേരം തകരാറിലായി. കന്യാല അംഗൺവാടിയിലെ ബൂത്തിൽ രാവിലെ രണ്ടര മണിക്കൂർ വൈകിയാണ് വോട്ടെടുപ്പ് ആരംഭിച്ചത്.73–ാം നമ്പർ ബൂത്തിൽ മെഷീൻ പരിശോധനാ വേളയിൽ തന്നെ തകരാറിലാവുകയായിരുന്നു. പലയിടങ്ങളിൽ മെഷീനുകൾ തകരാറിലായത് വോട്ടെടുപ്പ് വൈകുന്നതിനു ഇടയാക്കി.

## വോട്ട് തപാൽവോട്ടായി ചെയ്തു; കന്നി വോട്ടർമാർ മടങ്ങിപ്പോയി

കാഞ്ഞങ്ങാട്: അത്യാവേശത്തോടെ വോട്ടു ചെയ്യാൻ ബൂത്തിൽ എത്തിയ കന്നി വോട്ടർമാർ ഞെട്ടിപ്പോയി; തങ്ങളുടെ വോട്ട് തപാൽ വോട്ടായി ചെയ്തതായി അറിഞ്ഞപ്പോൾ. ടെണ്ടർ വോട്ടിന് ഉദ്യോഗസ്ഥർ അനുവദിച്ചു. എന്നാൽ തെരഞ്ഞെടുപ്പു കമ്മീഷനു പരാതി നൽകുമെന്ന് അറിയിച്ചാണ് രണ്ടു വോട്ടർമാരും ബൂത്തിൽ നിന്നും ഇറങ്ങിയത്.

ഉദുമ മണ്ഡലത്തിലെ പുല്ലൂരിലെ 172–ാം നമ്പർ ബൂത്തിലാണ് സംഭവം. മിഥുൻ എന്ന കന്നി വോട്ടർ ബൂത്തിലെത്തിയപ്പോഴാണ് തന്റെ വോട്ടു തപാൽ വഴി ചെയ്തു കഴിഞ്ഞതായി മിഥുൻ അറിഞ്ഞത്. തെരഞ്ഞെടുപ്പു ഡ്യൂട്ടിയോ, തപാൽ വോട്ടിനായി കമ്മീഷൻ അംഗീകരിച്ചവരുടെ പട്ടികയിലോ ഉൾപ്പെടാത്ത തന്റെ വോട്ട് എങ്ങനെ ഈ പട്ടികയിൽപ്പെടുത്തി പോൾ ചെയ്തതെന്ന ചോദ്യത്തിനു മുന്നിൽ ഉദ്യോഗസ്ഥർ കൈമലർത്തി.



ഇതേ ബൂത്തിലെ നിഖില എന്ന വോട്ടർക്കും സമാന അനുഭവമാണ് ഉണ്ടായത്.

## സെഞ്ച്വറി അടിക്കും: മുല്ലപ്പള്ളി

കോഴിക്കോട്: നിയമസഭാ തെരഞ്ഞെടുപ്പിൽ യു ഡി എഫ് സെഞ്ചറി അടിക്കുമെന്ന് കെ പി സി സി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. സംസ്ഥാനത്ത് യു ഡി എഫ് തരംഗമാണ് ഉള്ളത്. മഞ്ചേശ്വരത്ത് ബി ജെ പിയും സി പി എമ്മും ധാരണയിലാണ്. നേമത്ത് ബി ജെ പിയുടെ അക്കൗണ്ട് ക്ലോസ് ചെയ്യുമെന്ന് പറയുന്നവർ മഞ്ചേശ്വരത്തെ കുറിച്ച് ഒന്നും പറയുന്നില്ല. മഞ്ചേശ്വരത്ത് ദുർബലനായ സ്ഥാനാർത്ഥിയെ നിർത്തി ഒത്തു തീർപ്പിനുള്ള ശ്രമമാണെന്നും മുല്ലപ്പള്ളി ആരോപിച്ചു.വോട്ടെടുപ്പ് ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകടിപ്പിക്കുന്നത് കൃത്രിമ വിനയമാണ്. ഇത് പി ആർ ഏജൻസികൾ പഠിപ്പിച്ചുവിട്ടതാണെന്നും മുല്ലപ്പള്ളി ആരോപിച്ചു.

# വോട്ട് രേഖപ്പെടുത്താനായ സന്തോഷവുമായി പ്രവാസികളും

കാസർകോട്: കോവിഡ് വ്യാപനത്തെത്തുടർന്നും മറ്റും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും ഇത്തവണ നിയമസഭ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവസരം ലഭിച്ചു. തിരിച്ചു പോകാനാവാതെ സ്വദേശങ്ങളിൽ കുടുങ്ങിയ വോട്ടർ ലിസ്റ്റിൽ പേരുള്ള പ്രവാസികൾക്കാണ് അവസരം ലഭിച്ചത്. അതിരൂക്ഷമായ മഹാമാരി വ്യാപനത്തെ തുടർന്ന് ആയിരക്കണക്കിന് പ്രവാസികളാണ് വിവിധ ഗൾഫു രാജ്യങ്ങളിൽ നിന്നു അവരവരുടെ നാടുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ മടങ്ങിയെത്തിയത്. തൊഴിൽ നഷ്ടപ്പെട്ടായിരുന്നു ഭൂരിഭാഗവും തിരിച്ചെത്തിയത്. ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയും, പിരിച്ചു വിടുകയുമൊക്കെ ചെയ്തതിനെ തുടർന്നാണ് മിക്കവർക്കും ജോലി നഷ്ടപ്പെട്ടത്. ഇവരൊക്കെയും തിരികെ പോകാനാവാതെ വിഷമിക്കുകയാണ്. ഇതിനിടെ സാധാരണ നിലയിലേക്ക് പല രാജ്യങ്ങളും നീങ്ങി തുടങ്ങിയതോടെ തിരിച്ചെത്തിയവരിൽ പലരും മടങ്ങിപ്പോക്കു തുടങ്ങിയിട്ടുണ്ടെങ്കിലും നല്ലൊരു ശതമാനം പേരും ഇപ്പോഴും നാട്ടിൽ തന്നെ തുടരുകയാണ്. ഇത്തരക്കാർക്കാണ് തങ്ങുടെ സമ്മതിദാനാവകാശം വിനിയോഗിക്കാൻ അപൂർവ്വ അവസരം ലഭിച്ചിരിക്കുന്നത്. പലർക്കും ദീർഘ കാലത്തിന് ശേഷമാണ് വോട്ട് രേഖപ്പെടുത്താനുള്ള അവസരം ലഭിച്ചത്. ഇതിലവർ സന്തോഷവാന്മാരുമാണ്. തിരിച്ചെത്തിയിരുന്ന മറ്റു ചിലർക്ക് അടുത്തിടെ നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള സാഹചര്യം ലഭിച്ചിരുന്നു. അവർക്കാകട്ടെ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താനുള്ള അവസരം നഷ്ടമായി.

തിരിച്ചെത്തിയ ഭൂരിഭാഗം പ്രവാസികൾക്കും അവരുടെ ദീർഘകാലത്തെ പ്രവാസി ജീവിതത്തിനിടയിലാണ് പോളിംഗ് ബൂത്തിലെത്താനുള്ള ഭാഗ്യം ലഭിക്കുന്നത്. ഇവർക്കൊക്കെയും നാട്ടിൽ കാലാകാലങ്ങളിൽ നടക്കുന്ന വിവിധ തിരഞ്ഞെടുപ്പുകൾ പ്രവാസ ലോകത്ത് നിന്ന് ടെലിവിഷനുകളിലും മറ്റും കണ്ട് സമാധാനപ്പെടാനുള്ള ഗതിമാത്രമേ ഉണ്ടായിരുന്നുള്ളൂ.തൊഴിൽ നഷ്ടപ്പെട്ടെങ്കിലും ജീവിതത്തിൽ ഒരിക്കലെങ്കിലും നാട്ടിലേക്കുള്ള തിരഞ്ഞെടുപ്പിലെങ്കിലും വോട്ട് ചെയ്യാനുള്ള അവസരം കിട്ടിയതിൽ സംതൃപ്തി അവർ പ്രകടിപ്പിക്കുന്നു. അതേസമയം പ്രവാസിയും മുൻ പ്രവാസികളുമായ മൂന്നു പേർ ഇത്തവണ കാസർകോട് ജില്ലയിൽ സ്ഥാനാർത്ഥികളായി മത്സരിക്കുന്നുണ്ട്.

കാസർകോട് മണ്ഡലത്തിൽ നിന്നു ജനവിധി തേടുന്ന എൻ എ നെല്ലിക്കുന്ന്. എം എ ലത്തീഫ്, ഉദുമയിൽ നിന്ന് മത്സരിക്കുന്ന ബാലകൃഷ്ണൻ പെരിയ എന്നിവരാണ് ഈ പ്രവാസി സ്ഥാനാർത്ഥികൾ. ഇടത് സ്ഥാനാർത്ഥി എം എ ലത്തീഫ് ഇപ്പോഴും പ്രവാസിയാണ്. ഷാർജയിൽ സ്വന്തമായി സ്ഥാപനങ്ങളുള്ള ലത്തീഫ് ഇടക്കിടെ അവിടെയെത്തി നാട്ടിൽ തിരികെ വരാറാണ് പതിവ്. യു ഡി എഫിലെ നെല്ലിക്കുന്നും ബാലകൃഷ്ണനും മുൻ പ്രവാസികളാണ്. ഇരുവരും യു എ ഇയിൽ മാധ്യമ പ്രവർത്തകരുമായിരുന്നു. അത് കൊണ്ട് പ്രവാസികളുടെ പ്രയാസങ്ങൾ തൊട്ടറിയുന്നവരാണ് മൂവരും. ഇവരിൽ ആര് ജയിച്ചാലും പ്രവാസികൾക്ക് വേണ്ടി അവർ ശബ്ദമുയർത്തുമെന്ന പ്രതീക്ഷ പ്രവാസലോകത്തുണ്ട്. അതിനിടെ കോവിഡ് തുടരുന്നതിനാൽ തിരിച്ചു പോകാതെ നാട്ടിൽ വിഷമിക്കുന്ന പ്രവാസികളുടെ കണ്ണീരു കാണാൻ ബന്ധപ്പെട്ടവരാരും തയ്യാറാകുന്നില്ലെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്.

CMY